(സി) പദ്ധതിക്കുവേണ്ടി എത്ര തുക ചെലവായിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. സർക്കാർ നിയമിച്ച, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല സമിതിയുടെ ആദ്യയോഗത്തിൽ ഗെയിൽ അധികൃതരുമായി വിശദമായ ചർച്ച നടത്തുകയും സർക്കാർ വാഗ്ദാനം ചെയ്ത പൂർണ്ണമായ പിന്തുണയുടെ അടിസ്ഥാനത്തിൽ, നിർത്തി വച്ചിരുന്ന പൈപ്പ് ലൈൻ നിർമ്മാണ നടപടികൾ പുനരാരംഭിക്കുവാൻ യോഗത്തിൽ ധാരണയാകുകയും ചെയ്തു. പൈപ്പ് ലൈൻ പദ്ധതിയ്ക്ക് ഏറ്റവും കൂടുതൽ എതിർപ്പ് നേരിട്ട മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള സ്ഥലം ഉടമകളുമായി പഞ്ചനാമ തയ്യാറാക്കി സ്ഥലം ഗെയിലിന് കൈമാറുവാനും ഇതിനായി ഗെയിലിന് വേണ്ട സഹായം നൽകുവാൻ അതാത് ജില്ലാ ഭരണകൂടത്തെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതിക്കുവേണ്ടിയുള്ള സർവ്വേ 2009-ൽ പൂർത്തിയായതാണ്. P & MP Act-ലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് നോട്ടിഫിക്കേഷനും പൂർത്തിയായി സ്ഥലം കേന്ദ്ര സർക്കാരിന്റെ അധീനതയിൽ ഉള്ളതുമാണ്.

(സി) പദ്ധതിക്കുവേണ്ടി ഇതുവരെ 2000 കോടിയോളം രൂപ ചിലവായിട്ടുണ്ട്.

(ഡി) അലൈന്റ്മെന്റിൽ മാറ്റം വരുത്തി പദ്ധതി നടപ്പാക്കാൻ സാധിക്കുകയില്ല. ഏറ്റവും അനുയോജ്യമായ അലൈന്റ്മെന്റാണ് ഇപ്പോഴുള്ളത്. സ്ഥലം ഉടമകളുമായി Competent Authority യായ ഡെപ്യൂട്ടി കളക്ടർ ഹിയറിംഗ് നടത്തുകയും അതു പ്രകാരം കേരളത്തിലെ പൈപ്പ് ലൈൻ റൂട്ട് P & MP Act-ലെ സെക്ഷൻ 6(1) പ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതും കേന്ദ്ര സർക്കാർ അധീനതയിൽ ഉള്ളതുമാണ്.

ഗ്രീൻ ചാനൽ സമിതികൾ

264 (613) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ സംരംഭകരെ സഹായിക്കുന്നതിന് രൂപീകരിച്ച ഗ്രീൻ ചാനൽ സമിതികൾ മുഖേന നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദ മാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സമിതികളുടെ സേവനങ്ങൾ ഓരോ ജില്ലയിലും എത്ര വീതം സംരംഭകർ വിനിയോഗിച്ചിട്ടുണ്ടെന്ന് വ്യകതമാക്കുമോ ;

(സി) പുതിയ സംരംഭകർക്ക് ഗ്രീൻ ചാനൽ മുഖേന ലഭ്യമാകുന്ന സബ്സിഡികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) 2 ലക്ഷം രൂപ വരെ സ്ഥിര മൂലധനമുടക്ക് ആവശ്യമായ വ്യവസായ സംരംഭങ്ങൾക്ക്, ക്ലിയറൻസുകൾ സുഗമമായി ലഭിക്കുന്നതിന് ഗ്രീൻ ചാനൽ ക്ലിയറൻസ് കമ്മിറ്റി സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. ജില്ലാ കളക്ടർ ചെയർമാനും, ജനറൽ മാനേജർ കൺവീനറുമായ ഈ ബോർഡ് സംരംഭങ്ങൾക്ക് വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കേണ്ട ലൈസൻസുകൾ, ക്ലിയറൻസുകൾ, എൻ.ഒ.സി. തുടങ്ങിയവ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്നു.

(ബി) 2014-2015 വർഷത്തെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

കോട്ടയം	-	1
തൃശ്ശൂർ	-	33
മലപ്പുറം	-	3
വയനാട്	-	24
കണ്ണൂർ	-	626

(സി) ഗ്രീൻ ചാനൽ മുഖേന സബ്സിഡികൾ നൽകുന്നില്ല.

വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ

265 (614) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly